കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.ksad.kerala.gov.in](http://www.ksad.kerala.gov.in)

# മാള ബ്ലോക്ക് പഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ**

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)139/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
e-mail.id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി :29/04/19

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാള ബ്ലോക്ക് പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)139/19 തിയ്യതി:29/04/19

**തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.11.2017 മുതൽ 14.1.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് എൻക്വയറി നൽകുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.1.2019 മുതൽ<br>19.1.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റഫി ജോൺ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീന.കെ.ടി.,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത.ടി.എസ്.,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ,<br>ഓഡിറ്റർ |

**നിർവ്വഹണ അധികാരികൾ**

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീ.വർഗ്ഗീസ് കാച്ചപ്പിള്ളി | 1.4.2017 മുതൽ 31.3.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| സെക്രട്ടറി | പി.ഒ.ജോസഫ് | 01/04/2017- 17/05/2017 |
| | ആർ.പ്രസാദ് | 18/05/2017-06/10/2017 FN |
| | അരുൺരാജ് പി.എൻ | 06/10/2017-12/01/2018 |
| | സതി.കെ.വി. | 12/01/2018-16/02/2018 |
| | അരുൺരാജ് പി.എൻ. | 17.2.2018 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.ഷെർളി.എ.എഫ് | 01.04.17 മുതൽ 31.3.18 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.സുരജ.പി.കെ | 01.04.17 മുതൽ 31.3.18 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ബാബു.പി.ടി | 01.04.17 മുതൽ 31.5.17 വരെ |
| | ശ്രീ.ജോർജ്ജ് ജോസഫ് (അഡി.ചാർജ്ജ്) | 1.6.17 മുതൽ 6.10.17 വരെ |
| | ശ്രീമതി.ഷൈബി ജോർജ്ജ് | 7.10.17 മുതൽ 14.11.17 വരെ |
| | ശ്രീ.രാജേന്ദ്രൻ.എ.എസ് | 15.11.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | നിമ്മി.ഇ.ആർ | 1.4.17 മുതൽ 31.10.17 വരെ |
| | ശ്രീ.ശശീന്ദ്രൻ | 1.11.17 മുതൽ 31.3.18 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി, എലിഞ്ഞിപ്ര | ഡോ.ആശ.പി.എസ്. | 01.04.17 മുതൽ 31.03.18 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | മേരി | 1.4.17 മുതൽ 25.7.17 വരെ |
| | ജെസ്സി | 26.7.17 മുതൽ 31.3.18 വരെ |
| ബ്ലോക്ക് ക്ഷീരവികസന ഓഫീസർ | ശ്രീ.മുരളി.എ.കെ | 01.4.17 മുതൽ 31.03.18 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷികകണക്ക് അപാകതകൾ | 1-10 |
| | ഭാഗം 2 | |
| 11 | സാംഖ്യ രശീതി നൽകിയതിലെ അപാകതകൾ | 2-1 |
| 12 | വാടക,ലേലം ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല | 2-2 |
| | ഭാഗം 3 | |
| 13 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വസ്തുനികുതി തനത്ഫണ്ടിൽ നിന്നും അടവാക്കിയത് സംബന്ധിച്ച്. | 3-1 |
| 14 | മാള ബ്ളോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന, കൺസ്യൂമർഫെഡ് ത്രിവേണി സൂപ്പർമാർക്കറ്റിന്റെ വസ്തുനികുതി ബ്ലോക്ക് പഞ്ചായത്ത് അടവാക്കി | 3-2 |
| 15 | മഹിളാ കിസാൻ ശാക്തീകരണ പദ്ധതി-വ്യക്തമായ പ്രവർത്തന രൂപരേഖയില്ല – കാർഷികോപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നു. | 3-3 |

| | | |
|---|---|---|
| 16 | കേരളോത്സവം -മുൻകൂർ തുക ക്രമീകരിച്ചില്ല | 3-4 |
| 17 | പിഎംഎവൈ /ലൈഫ് ഭവന പദ്ധതിയിൽ പണി പൂർത്തീകരിച്ചിട്ടില്ല. | 3-5 |
| 18 | ഡയാലിസിസ് മെഷീനുകളുടെ പ്രവർത്തനത്തിന് യുപിഎസ് സംവിധാനം-കൃത്യമായ സ്പെസിഫിക്കേഷൻ ഇല്ലാതെ വാങ്ങി | 3-6 |
| 19 | ഡയാലിസിസ് യൂണിറ്റ്-ജനറേറ്ററിന് ചെയിഞ്ച് ഓവർ സംവിധാനം അപാകങ്ങൾ | 3-7 |
| 20 | സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല. | 3-8 |
| 21 | മാമ്പ്ര പി.എച്ച്.സി.യിലേക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ-അപാകങ്ങൾ | 3-9 |
| 22 | ആളൂർ പി.എച്ച്.സി.യിൽ വയോജനങ്ങൾക്ക് സൗകര്യങ്ങൾ -ഫർണ്ണീച്ചർ വാങ്ങൽ ക്ഷണിച്ച ക്വട്ടേഷന് വിരുദ്ധമായി വാങ്ങൽ നടത്തി | 3-10 |
| 23 | പാലിയേറ്റീവ് കെയർ സംവിധാനമൊരുക്കൽ | 3-11 |
| 25 | മാള സി.എച്ച്.സി. ലാബിലേക്ക് ഉപകരണങ്ങൾ-കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചില്ല | 3-12 |
| 26 | വിനിയോഗ സാക്ഷ്യപത്രം അനുബന്ധരേഖകൾ ഇല്ല. തുക തടസ്സപ്പെടുത്തുന്നു. | 3-13 |
| 27 | നവകേരളം-ലൈഫ് മിഷൻ ഭവന നിർമ്മാണം ഒന്നാംഘട്ടം-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം-എസ്.സി. ഫണ്ട് ജനറൽ വിഭാഗത്തിന് നൽകി. | 3-14 |
| 28 | അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ അവലോകനം | 3-15 |
| 29 | LSGD തൃശ്ശൂർ ഡിവിഷൻ എക്സി.എഞ്ചിനിയറുടെ ഓഫീസിൽനിന്നും ടെണ്ടർ ഫോറം വില ലഭ്യമാക്കേണ്ടതാണ്. | 3-16 |
| 30 | ഫണ്ടിന്റെ അപര്യാപ്തതമൂലം റോഡിന്റെ സൈഡ്കെട്ടൽ ആവശ്യമായ അളവിൽ ചെയ്തില്ല-മാർഗ്ഗരേഖക്കു വിരുദ്ധമായ നടപടികൾ | 3-17 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെ വിവരം | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 41 | വരവ് ചെലവ് പത്രികകൾ | അനുബന്ധം-2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.3.17-ലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. വരവ് 18,07,59,000/- രൂപയും ചെലവ് 17,97,77,000/- രൂപയും ആണ്. 2017-18 വർഷത്തെ റിവൈസ്ഡ് ബജറ്റ് 24-03-2018 തിയ്യതിയിൽ അംഗീകരിച്ചു. മുന്നിരിപ്പ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ബജറ്റ് പ്രകാരം ആകെ വരവ് 18,07,59,000/- രൂപയും ചെലവ് 18,07,59,000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | ഓഡിറ്റിനായി സ്വീകരിച്ച തീയതി |
|---|---|---|
| 31.7.2018 | 31.5.2018 | 23.6.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 17.9.2018 & 18.9.2018 | കെ.എസ്.എ.ടി.എസ്.ആർ.(ഇ)3-1517/18/15.10.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21186508 |
| വരവ് | 67657577 |
| ആകെ | 88844085 |
| ചെലവ് | 83628854 |
| നീക്കിയിരിപ്പ് | 5215231 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 25343282 | 25343282 | 21302143 | 4041139 | 84 |
| എസ്.സി.പി. | | 12253000 | 12253000 | 9501986 | 2751014 | 77.54% |
| ടി.എസ്.പി. | | 46000 | | | 46000 | |
| മെയിന്റനൻസ് ഗ്രാന്റ് | | 3231000 | 3231000 | 2970914 | 260086 | 91.95 |

| | | | | | | |
|---|---|---|---|---|---|---|
| നോൺ റോഡ് | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5429660 | 3781509 | 9211169 | 9347741 | -136572 | |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 99 | 68967897 | 61 | 37109784 | 11 | 27 | 61.61 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.1.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 3.12.2018 മുതൽ 13.12.2018 വരെ | 2017-18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറൽ | 7.11.2018 മുതൽ 12.11.2018 വരെ | 2013-14 മുതൽ 2017-18 വരെ | 5.1.2019 |

# 1-9 ആഭ്യന്തര നിയന്ത്രണം

1.ബഡ്ജറ്റ്

2017-18 സാമ്പത്തിക വർഷത്തേക്കുള്ള മാള ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റ് 24.03.17-ൽ അവതരിപ്പിക്കുകയും 29.03.17-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

| | |
|---|---|
| ആകെ വരവ് | 18,07,59,000 |
| ചെലവ് | 17,97,77,000 |
| നീക്കിയിരിപ്പ് | 9,82,000 |

<u>അപാകതകൾ</u>

എ) കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 പ്രകാരം അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് മാർച്ച് ആദ്യവാരം തന്നെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണെങ്കിലും അവസാന ആഴ്ചയിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

ബി) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മുന്നിരിപ്പ് തുക ചേർത്തിട്ടില്ല.

സി) അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റിന്റെ പ്രാരംഭ കാഷ് ബാലൻസ് കണക്കാക്കാൻ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെങ്കിലും നടപ്പു സാമ്പത്തികവർഷം ഇത് തയ്യാറാക്കിയിട്ടില്ല.

2. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് 2009-ൽ മാർഗ്ഗരേഖയും തുടർന്ന് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം തുടർനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല.

3. ഓഫീസ് ഓർഡർ നം.04/18 തീ.06.03.18 പ്രകാരം എല്ലാ ക്ലറിക്കൽ ജീവനക്കാരും തൻപതിവേട് എഴുതി ഹെഡ് ക്ലാർക്ക് മുഖാന്തിരം എല്ലാ മാസവും 10-ാം തീയ്യതിക്കകം സമർപ്പിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ പരിശോധനക്കായി സമർപ്പിച്ച ഡി സെക്ഷന്റെ തൻപതിവേട് പരിശോധിച്ചതിൽനിന്നും ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയതായി കണ്ടില്ല. ഓരോ മാസവും സംക്ഷിപ്തം എഴുതുകയോ അത് മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

# 1-10 വാർഷികകണക്ക് അപാകതകൾ

1. ആസ്തി രജിസ്റ്റർ പൂർണമല്ല. ബാലൻസ് ഷീറ്റ് B11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ആസ്തികളുടെ മൂല്യം പരിശോധിക്കാത്തവിധം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും (15881274.00), വാർഷിക പത്രികയിൽ പറയുന്ന മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസമായി (15971277.00) പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കുന്നതിനായില്ല.

3. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ളതും, മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യിട്ടുള്ളതുമായ താഴെപ്പറയുന്ന ചെക്കുകളുടെ മൂല്യം 8060.00 രൂപയാണ്.

<u>ടി.എസ്.ബി. അക്കൗണ്ട് നമ്പർ - 3</u>

| ചെക്ക് നമ്പർ/തീയതി | തുക |
|---|---|
| 8115120/06.10.2017 | 2000.00 |
| 1832322/06.10.2017 | 3000.00 |

<u>കുറവിലങ്ങാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്</u>

| ചെക്ക് നമ്പർ/തീയ്യതി | തുക |
|---|---|
| 0071617/ 03.10.2017 | 1000.00 |
| 0071621/ 05.10.2017 | 500.00 |
| 51155/ 22.06.2016 | 1560.00 |
| ആകെ | 5000+3060 = 8060.00 |

എന്നാൽ Liabilities in respect of stale cheque എന്ന ശീർഷകത്തിൽ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9-350800101) 7000/- രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

4. ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട അഡ്വാൻസ് തുകകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5. 2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11(a), capital work in progress ൽ ഉൾപ്പെട്ടിരിക്കുന്നത് 1362102.00/- രൂപ ആണ്. എന്നാൽ എൻജിനീയറിങ്ങ് സെക്ഷനിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്ക് പ്രകാരം താഴെ പറയുന്ന തീയ്യതികളിലായി 1486632/- രൂപയുടെ പാർട്ട് ബിൽ നൽകിയിട്ടുണ്ട്.

| ക്യാഷ് ബുക്കിലെ തിയ്യതി | വർക്കിന്റെ പേര് | പാർട്ട് ബിൽ തുക |
|---|---|---|
| 12.03.2018 | മെയിന്റനൻസ് കോംപൗണ്ട് വാൾ & ഗേറ്റ് ബ്ളോക്ക് ഓഫീസ് | 297845.00 |
| 27.03.2018 | ആളൂർ പി.എച്ച്.സി. റെനോവേഷൻ | 210810.00 |
| 28.03.2018 | കോളം പുറം സൈഡ് പ്രൊട്ടക്ഷൻ | 3568891.00 |
| 28.03.2018 | ആഞ്ഞിലിപ്പാടം സമഗ്ര വികസനം | 249340.00 |
| 31.03.2018 | സി.എച്ച്.സി പൂർത്തികരണം | 369746.00 |
| ആകെ | | 1486632.00 |

6. വാർഷിക കണക്ക് ഷെഡ്യൂൾ B-12 പ്രകാരം 1771876.00 രൂപയാണ് ഇൻവെസ്റ്റ്മെന്റുകളുടെ മൂല്യം എന്നാൽ പ്രസ്തുത തുക ട്രഷറി സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്ന് സർക്കാർ 31.03.2018 ന് പിൻവലിച്ച തുകയാണ്. പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 ലാണ് (Sunday debtors – receivables ) ചേർക്കേണ്ടിയിരുന്നത്.

7. ഡെപ്പോസിറ്റ് രജിസ്റ്റർ റസീപ്റ്റ് ആന്റ് പെയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്ന തരത്തിൻ എഴുതി സൂക്ഷിച്ചിട്ടില്ല.

8. Development Fund (General) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും (21302143.00രൂപ) വാർഷികകണക്കും (RP – 7-20357732.00രൂപ) തമ്മിൽ പൊരുത്തമില്ല.

9. കാനറ ബാങ്ക് അക്കൗണ്ട് നമ്പർ - 7498 (TSC) ന്റെ റീകൺസിലിയേഷനിൽ 22.01.2018 ലെ ക്ളോസിങ്ങ് ബാലൻസ് ആയ 275908/ രൂപയാണ് പാസ്ബുക്ക് ബാലൻസ് ആയി എടുത്തിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷം 31.01.2018 ൽ ക്രഡിറ്റ് ചെയ്ത പലിശ തുക അടക്കം ബാലൻസ് 278366/- രൂപ ആണ്.

10. മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിഹിതത്തിന്റെ മുന്നിരിപ്പ്, വരവ് ചെലവ്, നീക്കിയിരിപ്പ് എന്നിവ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

11. TSC, സാക്ഷരത അക്കൗണ്ടുകളുടെ ബാലൻസ്, ബാലൻസിന്റെ ഷെഡ്യൂൾ (B-4)ലും, (B-17) ലും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ഷെഡ്യൂൾ (B-4) | ഷെഡ്യൂൾ (B-17) |
|---|---|---|
| TSC | 209434 | 275908 |
| സാക്ഷരത | 119799 | 124438 |

ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകങ്ങൾ

1.)2017-18 ലെ വാർഷികകണക്കിൽ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ ബ്ളോക്ക് പഞ്ചായത്തിന് വിവിധ സ്രോതസ്സിൽ നിന്ന് ലഭ്യമായതും 1.3.2018 ൽ ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുക 1,15,31,255.00 രൂ ആണ്.കൂടാതെ ബി9 ഷെഡ്യൂളിൽ ബ്ളോക്ക് പഞ്ചായത്തിന്റെ ലയബിലിറ്റി 64,46,803/-രൂ പയും രേഖപ്പെടുത്തിയിട്ടുണ്ട്.(ആകെ 1,79,78,058.00) എന്നാൽ മേൽ തുകക്ക് തത്തുല്യമായ തുക ബി 17 ഷെഡ്യൂളിൽ ഇല്ല.ബി 17 ലെ ആകെ നീക്കിയിരിപ്പ് 52,15,231/-രൂ മാത്രമാണ്.ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 1-17(a)(Depriciation) ആയി കാണിച്ചിരിക്കുന്ന ആകെ തുക 15,18,330.00രൂപയും Gross surplus /deficit of income over expenditure ആയി കാണിച്ചിരിക്കുന്ന തുക (79,77035.00)രൂപയും ആണ്. ഡിപ്രിസിയേഷനേക്കാളും അധികരിച്ച് Deficit തുക വന്നിട്ടുണ്ട്. ബ്ളോക്ക് പഞ്ചായത്തിന്റെ വരവ് തുകക്കനുസരണമായ ചെലവുകൾ മാത്രമേ ഉണ്ടാകു എന്നതിനാൽ മേൽ പൊരുത്തക്കേടുകൾക്ക് വിശദീകരണം നൽകുവാൻ താല്പര്യപ്പെടുന്നു.

2.)മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ" സിഎച്ച്സിയിലെ ജനറേറ്ററിന് ചെയ്ഞ്ച് ഓവർ സംവിധാനമൊരുക്കൽ" എന്ന പദ്ധതിക്കായി പിഡബ്ളിയുഡി ഇലക്ട്രിക്കൽ വിങ്ങിന് ഡെപ്പോസിറ്റ് ചെയ്ത 175000 രൂപക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രശീതി നൽകിയതിലെ അപാകതകൾ

1) cancelled receipt statement-ൽ വന്നിട്ടുള്ള താഴെ കൊടുത്തിട്ടുള്ള രശീതികളുടെ കൗണ്ടർഫോയിലിൽ 'cancelled' എന്ന് എഴുതിയിട്ടുണ്ടെങ്കിലും റദ്ദാക്കപ്പെട്ട പ്രസ്തുത രശീതികൾ കൗണ്ടർഫോയിലിനൊപ്പം സൂക്ഷിക്കുകയും രശീതി റദ്ദാക്കിയതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

| ക്രമ നം. | രസീതി നം | തിയതി | തുക |
|---|---|---|---|
| 1 | 118020100025 | 7.06.2018 | 1000 |
| 2 | 118020100026 | 7.06.2018 | 1000 |
| 3 | 118020100027 | 7.06.2018 | 1000 |
| 4 | 118020100028 | 7.06.2018 | 1000 |
| 5 | 118020100029 | 7.06.2018 | 1000 |
| 6 | 118020100030 | 7.06.2018 | 1000 |
| 7 | 118020100031 | 7.06.2018 | 1000 |
| 8 | 118020100095 | 28.09.2018 | 500 |
| 9 | 118020100096 | 28.09.2018 | 2000 |

രസീതി പ്രിന്റ് ചെയ്ത തുക അപ്പോൾത്തന്നെ തിരികെ നൽകേണ്ടി വന്നതിനാലാണ് ക്രമ നമ്പർ 1 മുതൽ 7 വരെയുള്ള രസീതികൾ ക്യാൻസൽ ചെയ്യേണ്ടി വന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിനു (ഓഡിറ്റ് എൻക്വയറി നം.1/15.01.2019) മറുപടി നൽകുകയും ഒപ്പം ക്യാൻസൽഡ് രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

2) സ്റ്റേഷനറി നമ്പർ ക്രമപ്രകാരം വന്നിട്ടുണ്ടെങ്കിലും cancelled receipt statement-ൽ വന്നിട്ടുള്ള ചില രശീതികളുടെ സീരിയൽ നംപർ ക്രമത്തിലല്ല. പ്രിന്റർ കംപ്ളെയിന്റ് മൂലമാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-2 വാടക,ലേലം ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല

മാള ബ്ളോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയിനത്തിൽ വരവ് ലഭിക്കുന്നതുമായ കെട്ടിടങ്ങളെ സംബന്ധിച്ച

വിവരം ചുവടെ ചേർക്കുന്നു

1)ആളൂർ ഗ്രാമപഞ്ചായത്തിലെ താഴേക്കാട് വ്യവസായ കേന്ദ്രം

2)ആളൂർ വ്യവസായ കേന്ദ്രം (2018-19 സാമ്പത്തിക വർഷം മുതൽ)

3)ബ്ളോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള വനിത സംരംഭകർക്ക വേണ്ടി ചെറുകിട വ്യവസായ/സംരംഭം നടത്തുന്നതിന് സ്ഥാപിച്ച കെട്ടിടത്തിലെ മുറികൾ

4)ബ്ളോക്ക്പഞ്ചായത്ത് കോംപൗണ്ടിലുള്ള വനിത കാന്റീൻ കെട്ടിടം (2018-19 സാമ്പത്തിക വർഷം മുതൽ)

താഴേക്കാട് വ്യവസായ കേന്ദ്രത്തിലെ കെട്ടിടം (120 ച.മീ) ചതുരശ്രഅടിക്ക് 1/- രൂപ പ്രകാരവും ആളൂർ വ്യവസായ കേന്ദ്രത്തിലെ കെട്ടിടം (180.28 ച.മീ) ചതുരശ്രഅടിക്ക് 2/-രൂപ പ്രകാരവും വാടക നൽകുന്നതിനാണ് കരാർ വച്ചിട്ടുള്ളത്. ആയതു പ്രകാരം യഥാക്രമം 1290, 3890 രൂപ വാടക ഈടാക്കേണ്ടതാണ്. എന്നാൽ യഥാക്രമം 1200, 3600 രൂപയാണ് ഈടാക്കുന്നത്

വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി ഭരണവകുപ്പിൽ നിന്ന്അംഗീകാരം വാങ്ങിയിട്ടില്ല. ഭരണ സമിതി വാടകയിനത്തിൽ വാർഷിക വർദ്ധനവും നടത്തുന്നില്ല. നിലവിൽ ഭരണ സമിതി നിശ്ചയിച്ച നിരക്കിലാണ് വാടക ഈടാക്കുന്നത്. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ലേലം സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വസ്തുനികുതി തനത്ഫണ്ടിൽ നിന്നും അടവാക്കിയത് സംബന്ധിച്ച്.

ബ്ളോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ താഴെ പറയുന്ന സ്ഥാപനങ്ങളുടെ വസ്തുനികുതി, ബ്ളോക്ക് പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും അടവാക്കിയതായി കാണുന്നു. സ്ഥാപന മേലധികാരികളുടെ അപേക്ഷ പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ബന്ധപ്പെട്ട പഞ്ചായത്ത് | ഏത് വർഷം മുതൽ | തുക | ചെക്ക് നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | ആളൂർ പി.എച്ച്.സി | ആളൂർ | 2011-12 മുതൽ 2016-17 വരെ | 4725 | 1839366/ 15/5/17 |
| 2 | മാമ്പ്ര പി.എച്ച്.സി. | അന്നമനട | 2015-16 മുതൽ 2016-17 വരെ | 15672 | 6509475/ 25/11/17 |
| 3 | സി.ഡി.പി.ഒ. ഓഫീസ് | മാള | 2013-14 മുതൽ 2017-18 വരെ | 105550 | 23428341/ 28/3/18 |

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 H പ്രകാരം ഏതെങ്കിലും തദ്ദേശഭരണസ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിന് വിട്ട് കൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളും വസ്തുനികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആക്ടിന് വിപരീതമായി ഗ്രാമപഞ്ചായത്തിൽ അടവാക്കിയ തുക തിരികെ ഈടാക്കി ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

# 3-2 മാള ബ്ളോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന, കൺസ്യൂമർഫെഡ് ത്രിവേണി സൂപ്പർമാർക്കറ്റിന്റെ വസ്തുനികുതി ബ്ലോക്ക് പഞ്ചായത്ത് അടവാക്കി

മാള ബ്ളോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡ് ത്രിവേണി സൂപ്പർമാർക്കറ്റിന്റെ 2017-18 സാമ്പത്തിക വർഷത്തെ വസ്തുനികുതി, 8019/ രൂപ (ചെക്ക് നം.2342831, dt.21/3/2018) ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 12/3/18 ലെ, 11(1)-ാം നമ്പർ തീരുമാനപ്രകാരം മാള ഗ്രാമപഞ്ചായത്തിലേക്ക് അടവാക്കിയിട്ടുണ്ട്. (രശീത് നം.117030111480,dt.22/3/18)

കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടറും, മാള ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായും നിലവിലുള്ള കരാറ് പ്രകാരം (2014 മാർച്ച് 6 ന് ഒപ്പ് വച്ചത്) നിബന്ധന 7 അനുസരിച്ച്, the lessee shall pay the building tax of the building. നിലവിലുള്ള കരാർ വ്യവസ്ഥയ്ക്ക് വിപരീതമായി അടച്ച വസ്തുനികുതി മാള ഗ്രാമപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കി ബ്ളോക്ക് പഞ്ചായത്ത്

ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 207 (എച്ച്) പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാകുന്നു.

## 3-3 മഹിളാ കിസാൻ ശാക്തീകരണ പദ്ധതി - വ്യക്തമായ പ്രവർത്തന രൂപരേഖയില്ല -കാർഷികോപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നു.

2012-13, 2013-14 വർഷങ്ങളിലായി, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ നിർവഹണോദ്യഗസ്ഥനായി നടപ്പാക്കിയ, എം.കെ.എസ്.പി. വിഹിതം നൽകൽ എന്ന പദ്ധതിയ്ക്കായി യഥാക്രമം, 274800/ രൂപയും, 1055200/ രൂപയും, എം.കെ.എസ്.പി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. 19/12/14ൽ, അഞ്ച് ഞാറുനടീൽ യന്ത്രങ്ങളും, 29/1/15ന് ഒരു പവർ റീപ്പറും, 23/3/16ന് ഒരു ട്രാക്ടറും ബ്ളോക്ക് പഞ്ചായത്തിന് എം.കെ.എസ്.പി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ.

1) പദ്ധതിയുടെ ഭാഗമായി മാള ബ്ളോക്ക് പഞ്ചായത്തിൽ ഹരിത ജ്യോതി വനിതാ ലേബർ ബാങ്ക് 12/11/14ന് TSR/TC/680/2014-ാം നമ്പർ ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വനിതാ ലേബർ ബാങ്കിന്റെ എം ഒ യു തയ്യാറാക്കിയതിൽബ്ളോക്ക് പഞ്ചായത്ത് അധികാരികൾ ആരും തന്നെ ഒപ്പ് വച്ചതായി കാണുന്നില്ല.
2) എം.ഒ.യു. പ്രകാരം മെമ്പർഷിപ്പ് ഫീസ് 250/ രൂപയും,വാർഷിക പുതുക്കൽ ഫീസ് 120/ രൂപയും ആണ്. മെമ്പർഷിപ്പ് ഫീസ് വാങ്ങിയിട്ടുണ്ടെങ്കിലും, പുതുക്കൽ ഫീസ് വാങ്ങിയതായി കാണുന്നില്ല.
3) തൊഴിൽ ഉള്ള ദിവസങ്ങളിൽ മെമ്പർമാർ പത്ത് രൂപാ വീതം, ലേബർ ബാങ്കിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കണം എന്ന് പറയുന്നുണ്ട്. എന്നാൽ ഓരോ പണിയ്ക്കും ശേഷം അത്തരത്തിലുള്ള ഒരു നിക്ഷേപം നടന്നതായി കാണുന്നില്ല.

4)ലേബർ ബാങ്ക് രൂപീകരിക്കുമ്പോൾ ഇതിലെ തൊഴിലാളികളുടെ എണ്ണം,കൂലി,ലേബർബാങ്ക് ഏറ്റെടുക്കുന്ന വിവിധ തരം ജോലികൾക്ക് ഭൂവുടമകളിൽ നിന്നും ഈടാക്കേണ്ട തുക, യന്ത്രോപകരണങ്ങളുടെ വാടക എന്നിവയെപ്പറ്റി വ്യക്തമായ ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതായിരുന്നു. ആയത് തയ്യാറാക്കിയിട്ടില്ല.
5) വരവു ചെലവു കണക്കു സൂക്ഷിപ്പിൽ വ്യക്തമായ രൂപമില്ല. ലേബർ ബാങ്കിന്റേതായ ക്യാഷ് ബുക്കിൽ, 8/9/15ന് രസീത് ബുക്ക് പ്രിന്റ് ചെയ്തതിന്റെ ചെലവ് ആയി 200/ രൂപാ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എത്ര ബുക്ക് പ്രിന്റ് ചെയ്തു, പുസ്തകത്തിന്റെ സ്റ്റോക്ക് എന്നിവയുടെ രേഖയൊന്നും തന്നെ ഇല്ല. ക്യാഷ് ബുക്കിൽ, രസീത് പ്രകാരമുള്ള എല്ലാ വരവുകളും രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്ക് മാസാന്ത്യ ക്ളോസിംഗ് നടത്തി പാസ്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുത്തുന്നില്ല എന്ന് മാത്രമല്ല ക്യാഷ് ബുക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ആരും തന്നെ സാക്ഷ്യപ്പെടുത്തുന്നുമില്ല.

6) പദ്ധതിയുടെ ഭാഗമായി ലഭിച്ച കാർഷികോപകരണങ്ങളിൽ ട്രാക്ടർ ഇതുവരെ ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. ഈ ഉപകരണങ്ങളുടെ ഇന്ധന ഉപഭോഗം സംബന്ധിച്ച ഫ്യുവൽ രജിസ്റ്ററും ബ്ളോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

7) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30/5/14ലെ സ.ഉ.(സാധാ)1339/2014/ത.സ്വ.ഭ.വ ഉത്തരവിൽ മഹിളാകിസാൻ ശാക്തീകരണപദ്ധതി നടത്തിപ്പിന് ഉദ്യോഗസ്ഥ പിന്തുണ ഉറപ്പാക്കേണ്ടതാണെന്നും, ബ്ളോക്ക് തലത്തിൽ അർഹതപ്പെട്ട അപേക്ഷകരെ പരിശീലനത്തിന് നിയോഗിക്കൽ പരിശീലനസ്ഥാപനത്തേയും, തൊഴിലാളികളേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കൽ, പ്രായോഗികപരിശീലനത്തിനുള്ള പിന്തുണാസംവിധാനം ഉറപ്പാക്കൽ എന്നിവ ഉദ്യോഗസ്ഥരുടെ ചുമതലയായി വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ , ഓഫീസ് ഉത്തരവ് പ്രകാരം ഈ പദ്ധതിയുടെ ചുമതല ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ചതായി കാണുന്നില്ല.
8) പദ്ധതിയുടെ ഭാഗമായി ലഭിച്ച ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് ലേബർ ബാങ്കിലെ അംഗങ്ങൾക്ക് പരിശീലനം നൽകിയതായി കാണുന്നില്ല. ഇത്തരത്തിൽ പരിശീലനം നൽകുന്നതിന്റെ പോരായ്മയും, ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുമുള്ള പിന്തുണയുടെ അഭാവവും അടക്കം ഈ പദ്ധതിയുടെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ആസ്തികൾ നിഷ്ക്രിയമായി നശിക്കുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 കേരളോത്സവം - മുൻകൂർ തുക ക്രമീകരിച്ചില്ല

തനത് ഫണ്ടിൽ നിന്ന് ചെക്ക് നമ്പർ-8930182/12.10.2017 പ്രകാരം, 60000/- രൂപ ജി.ഇ.ഒ ആയിരുന്ന ശ്രീ.സിറാജുദ്ദീന് കേരളോത്സവം നടത്തുന്നതിനായി അഡ്വാൻസ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/15.1.2019) താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

ശ്രീ.സിറാജുദ്ദീൻ അഡ്വാൻസ് ക്രമീകരിക്കുന്നതിന് ഹാജരാക്കിയ 121469/- രൂപയുടെ ചെലവ് രേഖകൾ 12.1.2018-ന് ചേർന്ന സംഘാടക സമിതിയിൽ യൂത്ത് കോ ഓർഡിനേറ്ററും മെമ്പർമാരും തെറ്റാണെന്ന് അഭിപ്രായപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമിച്ച സബ്കമ്മറ്റിയുടെ അന്വേഷണത്തിൽ ശരിയായ ചെലവ് 79318/- രൂപയാണെന്നും 60000 രൂപ അഡ്വാൻസ് നൽകിയതിൽ 52386 രൂപ മാത്രമേ ടിയാൻ ചെലവ് ചെയ്തിട്ടുള്ളൂ എന്നും കണ്ടെത്തി. 2.7.2018 ലെ 7(2) നമ്പർ കമ്മറ്റി തീരുമാനത്തിൽ വകുപ്പുതല അന്വേഷണത്തിന് അസി.ഡെവലപ്മെന്റ് കമ്മീഷണറോട് അഭ്യർത്ഥിക്കുവാൻ തീരുമാനമെടുത്തു. നിലവിൽ ഫയൽ അസി.ഡെവലപ്മെന്റ് കമ്മീഷണറുടെ കൈവശം ആണ്. ശ്രീ.സിറാജുദ്ദീൻ 8.2.2018-ൽ WP(C) 5378/18 ആയി

കേരളോത്സവം ബാലൻസ് തുക ലഭിക്കുന്നതിനായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 പി.എം.എ.വൈ. /ലൈഫ് ഭവന പദ്ധതിയിൽ പണി പൂർത്തീകരിച്ചിട്ടില്ല

പി.എം.എ.വൈ./ ഭവന പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഏതാനും ഗഡു കൈപ്പറ്റിയ ശേഷം പണിപൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

പി.എം.എ.വൈ.

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക |
|---|---|
| പങ്കജാക്ഷി,പറയൻ വളപ്പിൽ,ആനപ്പാറ | 348000/- |
| നിജി സന്തോഷ്,എരയാസ് കൂട്ടം,അന്നമനട | 376000/- |
| കുമാരൻ,കളത്തിങ്കൽ,അന്നമനട | 216000/- |

**ലൈഫ് ഭവന നിർമ്മാണം**

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക | അംഗീകാരം നൽകിയ തുക |
|---|---|---|
| സുവിധ ഉണ്ണികൃഷ്ണൻ, തോട്ടേടത്ത്, മേലഡൂർ | 356166 | 376666 |
| ഷൈനി സദാനന്ദൻ, അന്നമനട | 324166 | 376666 |
| ബിന്ദു ശിവാനന്ദൻ, മുരിങ്ങനേടത്ത്, കല്ലേറ്റുംകര | 131666 | 376666 |
| ശാരദ കുഞ്ഞാട്ടുപറമ്പിൽ, ഐരാണിക്കുളം | 163204 | 386667 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 ഡയാലിസിസ് മെഷീനുകളുടെ പ്രവർത്തനത്തിന് യുപിഎസ് സംവിധാനം-കൃത്യമായ സ്പെസിഫിക്കേഷൻ ഇല്ലാതെ വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ-സൂപ്രണ്ട്, സി.എച്ച്.സി.
ചെക്ക് നമ്പർ – 9118089/12.1.2018, തുക – 498700/-
പദ്ധതി നമ്പർ-100/18
അടങ്കൽ-530000/-(തനത് ഫണ്ട്)

മേൽ പദ്ധതി പ്രകാരം യു.പി.എസ്. സംവിധാനം ഒരുക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ മാക്സ് പവർ സിസ്ററം പുളിപറമ്പ് പൊയ്യ എന്ന സ്ഥാപനത്തിന്റെ 498700 രൂപയുടെ ടെണ്ടർ അംഗീകരിച്ചു. 5 ലക്ഷത്തിന് മേൽ അടങ്കലുള്ള പ്രസ്തുത പ്രവൃത്തിക്കായി നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി (സ.ഉ(എംഎസ്)നം.13/2015/ITD/12.5.2015) ഇ-ടെണ്ടർ നടപ്പാക്കേണ്ടതാണെങ്കിലും നടപ്പിലാക്കിയില്ല. സ്ഥാപനത്തിന്റെ ബിൽ, കൈപ്പറ്റ് രസീത് എന്നിവ ഫയലിൽ ലഭ്യമല്ല. കൂടാതെ ടെണ്ടറിൽ സൂചിപ്പിച്ചിരിക്കുന്ന യുപിഎസിന്റെ സ്പെസിഫിക്കേഷൻ ഈ വിഷയത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഏജൻസി/ വ്യക്തി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖയും ഫയലിൽ ഇല്ല. എന്തടിസ്ഥാനത്തിലാണ് സ്പെസിഫിക്കേഷൻ നിശ്ചയിച്ചതെന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് ഒരു നിർണ്ണായക ന്യൂനതയായി ഓഡിറ്റിൽ വിലയിരുത്തുന്നു. (എൻക്വയറി നം.9/18.1.2019) ബിൽ, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 498700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 ഡയാലിസിസ് യൂണിറ്റ്-ജനറേറ്ററിന് ചെയിഞ്ച് ഓവർ സംവിധാനം അപാകങ്ങൾ

എ) നിർവ്വഹണ ഉദ്യോഗസ്ഥൻ-സൂപ്രണ്ട് സിഎച്ച്സി .

പദ്ധതി നമ്പർ-101/18

ചെക്ക് നമ്പർ-234284/31.3.2018-175000/-

16.3.2018-നാണ് ഡയാലിസിസ് യൂണിറ്റിന്റെ ജനറേറ്ററിന് ചെയ്ഞ്ച് ഓവർ സംവിധാനം ഒരുക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ആവശ്യപ്പെട്ട് സി.എച്ച്.സി. സൂപ്രണ്ട് പി.ഡബ്ളിയു.ഡി. ഇലക്ട്രിക്കൽ ഡിവിഷന് കത്ത് നൽകിയിരിക്കുന്നത്. 22.3.2018-ൽ എസ്റ്റിമേറ്റ് മാള ബ്ളോക്ക് സെക്രട്ടറിക്ക് അയച്ചതായി കാണുന്നു. എന്നാൽ തുക പി.ഡബ്ളിയു.ഡി. ഇലക്ട്രിക്കൽ ഡിവിഷന് കൈമാറിയിരിക്കുന്നത് 2.5.2018-നാണ്. പദ്ധതി നടത്തിപ്പിലും തുക കൈമാറുന്നതിലും വന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം. 9/18.1.2019-ന് മറുപടിയായി സാങ്കേതിക കാരണത്താലാണ് തുക കൈമാറുവാൻ വൈകിയതെന്നാണ് അറിയിച്ചത്. അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ ചെലവ് തുക 175000/-രൂ തടസ്സപ്പെടുത്തുന്നു.

(ബി) ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 27.12.2017 ലെ തീരുമാനം 2 ൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പരിശോധനയിൽ കണ്ടെത്തിയ മാള സി.എച്ച്.സി.യിലെ ജനറേറ്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പോരായ്മകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് ആവശ്യമായ ഇലക്ട്രിക് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ റിട്ട.എൻജിനീയർ ശ്രീ.വർഗ്ഗീസ് പ്ളാശ്ശേരിയെ ചുമതലപ്പെടുത്തുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/17.1.19) മറുപടി ലഭ്യമാക്കിയില്ല. 2017-18-ലോ 2018-19-ലോ ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല. 2017-18-ൽ ജനറേറ്ററിന്റെ ചെയ്ഞ്ച് ഓവർ സംവിധാനം സ്ഥാപിക്കുന്നതിന് പി.ഡബ്ളിയു.ഡി. ഇലക്ട്രിക്കൽ ഡിവിഷന് 175000/- രൂപ കൈമാറിയിട്ടുണ്ട്. (പദ്ധതി നമ്പർ-101/18). എന്നാൽ നാളിതുവരെ പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിലേക്ക് ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.

# 3-8 സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സൂപ്രണ്ട്, സി.എച്ച്.സി.

പദ്ധതി നമ്പർ- 40/18

ബിൽ നമ്പർ-5/10.1.2018-350000/-

25/28.3.2018-350000/-

മേൽ ബില്ലുകൾ പ്രകാരം 7 ലക്ഷം രൂപ മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. (സ.ഉ(എംഎസ്) നം.72/2017/തസ്വഭവ. തീയതി.29.3.2017 ഖണ്ഡിക.4) സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. താഴെ പറയും പ്രകാരം 341058 രൂപക്കുള്ള മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ.

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 1201/26.4.18 | 15216 |
| 4480/7.7.18 | 107953 |
| 10866/17.10.18 | 31308 |
| 12725/21.11.18 | 5819 |
| 1203/26.4.18 | 9419 |
| 187/26.4.18 | 50604 |
| 3086/14.6.18 | 67164 |
| 5949/3.8.18 | 53575 |
| ആകെ | 341058 |

മരുന്നുകൾ കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി ബന്ധപ്പെടേണ്ടതാണ്.

# 3-9 മാമ്പ്ര പി.എച്ച്.സി.യിലേക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ-അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സൂപ്രണ്ട് സി.എച്ച്.സി.

പദ്ധതി നമ്പർ – 51/18

അടങ്കൽ – 200000/-

ബിൽ നമ്പർ – 26/28.3.2018

200000/- അടങ്കൽ ഉള്ള മേൽ പദ്ധതിയുടെ നടത്തിപ്പിനായി 2.3.2018-ൽ ക്വട്ടേഷൻ (ലോക്കൽ ക്വട്ടേഷൻ) ക്ഷണിക്കുകയും തുടർന്ന് 21.3.2018 ലെ പത്രത്തിൽ ടെണ്ടർ നോട്ടീസ് നൽകുകയും ചെയ്തതായി കാണുന്നു. എന്നാൽ എല്ലാ സ്ഥാപനങ്ങളും ക്വട്ടേഷനാണ് നൽകിയിരിക്കുന്നത്. നോവോ കമ്പ്യൂട്ടേഴ്സ്, ചാലക്കുടി എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറും, സെന്റ് ജോർജ് ഇലക്ട്രോണിക്സ്, ചാലക്കുടിയിൽ നിന്നും എ.സി.യും കോർപ്പറേറ്റ് ബിസിനസ് സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർ പ്യൂരിഫയറും സിഡ്കോയിൽ നിന്ന് ഫർണിച്ചറും വാങ്ങിയിട്ടുണ്ട്. നടപടി ക്രമങ്ങളിലെ കാലതാമസം മൂലം ടെണ്ടർ പരസ്യത്തിനായി ചെലവഴിച്ച തുക ഉപകാര പ്രദമായില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ സ്റ്റാൻഡിങ്ങ് കമ്മറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

മാമ്പ്ര പി.എച്ച്.സി.യിൽ നടത്തിയ ഭൗതിക പരിശോധനയിൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ വാട്ടർ ഡിസ്പെൻസർ കവറിൽ തന്നെ വച്ചിരിക്കുന്നതായി കണ്ടു. പൊതുജനങ്ങൾക്ക് ഉപകാര പ്രദമാകേണ്ട സാധനങ്ങൾ സമയബന്ധിതമായി ഉപയോഗപ്പെടുത്തുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3-10 ആളൂർ പി.എച്ച്.സി.യിൽ വയോജനങ്ങൾക്ക് സൗകര്യങ്ങൾ -ഫർണ്ണീച്ചർ വാങ്ങൽ ക്ഷണിച്ച ക്വട്ടേഷന് വിരുദ്ധമായി വാങ്ങൽ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ – സൂപ്രണ്ട് സി.എച്ച്.സി.

പദ്ധതി നമ്പർ-103/18

അടങ്കൽ-200000/-

ബിൽ നമ്പർ-23/28.3.18-199270/-രൂ

മേൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ) ജി.ഒ(പി)259/2010/ത.സ്വ.ഭ.വ./8.11.2010 ഉത്തരവ് പ്രകാരം 50,000/-നു മേൽ ഉള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി ലോക്കൽ ക്വട്ടേഷൻ ക്ഷണിച്ചാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. (ടെലിവിഷൻ, വാട്ടർ പ്യൂരിഫയർ, കസേര, സെമി അനലൈസർ, മൈക്രോസ്കോപ്പ്,...).

ബി) ടെലിവിഷൻ 32 ഇഞ്ച് വാങ്ങുവാനാണ് ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ 40 ഇഞ്ച് ടെലിവിഷൻ ആണ് വാങ്ങിയിരിക്കുന്നത്. മെട്രോ ഏജൻസീസ് കൊടകര എന്ന സ്ഥാപനത്തിൽ നിന്നാണ് ടെലിവിഷൻ വാങ്ങിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ 32 ഇഞ്ചിന് 18500 രൂപയും 40 ഇഞ്ചിന് 32500 രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്. 32 ഇഞ്ചിന് പകരം 40 ഇഞ്ച് വാങ്ങുന്നതിന് ആധാരമായ വ്യക്തമായ കാരണം ഫയലിലോ, ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി മിനിട്സിലോ, പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സിലോ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/ 18.1.2019) മറുപടി ലഭ്യമായിട്ടില്ല. ഇത്തരത്തിലുള്ള നിയമ വിധേയമല്ലാത്ത വാങ്ങലുകൾ സർക്കാർ പണത്തിന്റെ ദുർവിനിയോഗമായി കണക്കാക്കും എന്നതിനാൽ വാങ്ങലുകളിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്. വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു. (1,99,270/- രൂപ).

# 3-11 പാലിയേറ്റീവ് കെയർ സംവിധാനമൊരുക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സൂപ്രണ്ട് സിഎച്ച്സി
പദ്ധതി നമ്പർ-66/18
അടങ്കൽ-700000/-
ബിൽനമ്പർ-20/28.3.18-300000/-

മേൽ ബിൽ പ്രകാരം മാറിയ തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറി .എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല.മരുന്ന് ലഭ്യമാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബിൽ നമ്പർ-22/28.3.18-400000/-

മേൽ ബിൽ പ്രകാരം മാറിയ തുക ഇരിഞ്ഞാലക്കുട സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ചെലവഴിച്ചത്. എന്നാൽ മേൽ വാങ്ങലിന് ടെണ്ടർ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.ഇത് ജി.ഒ(പി)259/2010/

തസ്വഭവ/8.11.2010പ്രകാരമുള്ള ഉത്തരവിന് വിരുദ്ധമാണ്. പ്രസ്തുത ഉത്തരവ് പ്രകാരം 1 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കേണ്ടതാണ്. മേൽ പദ്ധതിക്കായി ക്ഷണിച്ച ക്വട്ടേഷൻ അംഗീകരിച്ചതായുള്ള ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 12.3.2018 ലെ 4(2) ാംനമ്പർ തീരുമാനം ഹാജരാക്കി. എന്നാൽ ക്വട്ടേഷനുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.(7 ലക്ഷം രൂപ). ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വാങ്ങലുകൾ നടത്തുമ്പോൾ സുതാര്യത ഉറപ്പു വരുത്തുന്നതിനായി നിലവിലെ നിയമങ്ങൾക്ക് അനുസരണമായി ചെലവ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 മാള സി.എച്ച്.സി. ലാബിലേക്ക് ഉപകരണങ്ങൾ-കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചില്ല

പദ്ധതി നമ്പർ-11/18

അടങ്കൽ-100000/-(തനത് ഫണ്ട്)

ഡിഡി നമ്പർ-301164/30.7.2017-49479/-

മാള സി.എച്ച്.സി. ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ 2 ക്വട്ടേഷനുകൾ ലഭിച്ചതിൽ എബിസി ഡയഗ്നോസ്ററിക് എന്ന സ്ഥാപനമാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത്. എന്നാൽ 3 സാധനങ്ങൾക്ക് തുക ക്വാട്ട് ചെയ്തില്ല എന്ന കാരണത്താൽ രണ്ടാമത്തെ സ്ഥാപനമായ നിധി സർജിക്കൽസ് പറവൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം.ബി 00072/17.5.17 പ്രകാരം സാധനങ്ങൾ വാങ്ങുകയും ചെയ്തു .ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റി 12.4.17-ലെ 4ാം നമ്പർ തീരുമാന പ്രകാരം ഇത് അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രൊക്യൂർമെന്റ് കമ്മറ്റി മാർഗ്ഗരേഖ ഉത്തരവിന് (ജി.ഒ(പി)259/2010/തസ്വഭവ/8.11.2010) വിരുദ്ധമാണ്. ഉത്തരവ് പ്രകാരം 50,000/- രൂപ മുതൽ എസ്റ്റിമേറ്റ് വരുന്ന വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ വിളിക്കേണ്ടതാണ്. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ററാൻഡിങ്ങ് കമ്മറ്റികൾ ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3-13 വിനിയോഗ സാക്ഷ്യപത്രം - അനുബന്ധരേഖകൾ ഇല്ല.തുക തടസ്സപ്പെടുത്തുന്നു.

1.പദ്ധതി നമ്പർ-46/18

മാലിന്യ സംസ്കരണ പദ്ധതി -മാള ഗ്രാമ പഞ്ചായത്തിന് തുക കൈമാറൽ

ബിൽ നമ്പർ-10/14.9.2017(200000/-)

മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ) സംയുക്ത പദ്ധതിയുടെ വിഹിതം നൽകുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിക്വസ്റ്റ് ഇല്ല.

ബി) ഗ്രാമ പഞ്ചായത്തിന്റെ പ്രൊജക്ട് ഫയലിൽ ഇല്ല

സി) ഗ്രാമ പഞ്ചായത്ത് പ്രസ്തുത തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഇല്ല.

ചെലവ് തുക 200000/-രു തടസ്സപ്പെടുത്തുന്നു.

2.പദ്ധതി നമ്പർ-47/18

മാലിന്യ സംസ്കരണ പദ്ധതി -ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറൽ

ബിൽ നമ്പർ-9/14.9.2017-500000/- (മാള പഞ്ചായത്തിന് നൽകിയത്)

ബിൽ നമ്പർ-25/13.2.2018-250000/- (ആളൂർ പഞ്ചായത്തിന് നൽകിയത്)

മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ)മാള പഞ്ചായത്തിന്റെ അംഗീകരിച്ച പ്രൊജക്റ്റ്, സംയുക്ത പദ്ധതിയുടെ വിഹിതം നൽകുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിക്വസ്റ്റ്, ഗ്രാമ പഞ്ചായത്ത് പ്രസ്തുത തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല. ചെലവ് തുക 500000/- രു തടസ്സപ്പെടുത്തുന്നു.

ബി) ആളൂർ ഗ്രാമ പഞ്ചായത്തിന്റെ അംഗീകരിച്ച പ്രൊജക്റ്റ്, ചെലവ് തുക(239061/-) കഴിച്ചുള്ള തുക (250000-239061=10939/-) കൺസോളിഡേറ്റഡ് അക്കൗണ്ടിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ ഇല്ല. ബാലൻസ് തിരിച്ചടവാക്കാത്തതിനാൽ 10939/- രു തടസ്സപ്പെടുത്തുന്നു.

# 3-14 നവകേരളം-ലൈഫ് മിഷൻ ഭവന നിർമ്മാണം ഒന്നാംഘട്ടം-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം-എസ്.സി. ഫണ്ട് ജനറൽ വിഭാഗത്തിന് നൽകി.

പദ്ധതി നമ്പർ-105/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നമ്പർ-18/30.1.2018-1760304/-രൂ

പ്രസ്തുത ഭവന നിർമ്മാണ പദ്ധതിയിൽ മേൽ ബിൽ പ്രകാരം എസ്.സി. ഫണ്ട് മാറിയത് ജനറൽ വിഭാഗം ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. ശ്രീമതി.തങ്കം, തൈനാത്തുടൻ, വെള്ളാഞ്ചിറ, ആളൂർ ഗ്രാമ പഞ്ചായത്ത് എന്ന ഗുണഭോക്താവിനാണ് തുക (143724/-രൂ) നൽകിയത്. എസ്.സി. ഫണ്ട് വകമാറ്റി ചെലവഴിക്കുവാൻ പാടില്ല. സബ്സിഡി മാർഗരേഖ, സ.ഉ.(എം.എസ്.) നമ്പർ 80/2017/ത.സ്വ.ഭ.വ. തിയതി.03/04/17, ഖണ്ഡിക നമ്പർ (2) പൊതു നിബന്ധനകൾ (2.2) പ്രകാരം മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, വിഭാഗങ്ങൾക്കോ അല്ലാതെ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. (ഓഡിറ്റ് എൻക്വയറി നം.14/19.1.2019). ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-15 അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

1.മെയിന്റനൻസ് ഗ്രാന്റ് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ചെലവഴിച്ചു.

ബ്ലോക്ക് ഓഫീസ് നവീകരണം (ടo 087/18)

അടങ്കൽ - 4,31,000

ചെലവ് - 4,30,891

ട്രഷറി ബിൽ -3/12.03.18 Rs.1,99,192

13/28.03.18 Rs.2,31,699

മാള ബ്ലോക്ക് ഓഫീസ് നവീകരണത്തിനായുള്ള ഈ പദ്ധതിക്കായി 17.11.17-ലെ ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടറുകൾ ക്ഷണിക്കുകയും ലഭിച്ച രണ്ട് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സി.എൽ.പിന്റോ എന്ന വ്യക്തിയുടെ കരാർ 06.12.17-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. ട്രഷറിബിൽനം.3/12.03.18, 13/28.03.18 എന്നിവ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിന് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

ജി.ഒ.(എം.എസ്.)നം.330/2004/തസ്വഭവ തീ.09.12.04, 2017-18 വാർഷിക പദ്ധതിക്കായുള്ള മാർഗ്ഗരേഖ എന്നിവ പ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പദ്ധതികളാണ് തയ്യാറാക്കേണ്ടത്. സർക്കാർ നിർദ്ദേശത്തിനു വിപരീതമായി ബ്ലോക്ക് ഓഫീസ് നവീകരണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10)ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കൈമാറിക്കിട്ടിയ മറ്റുസ്ഥാപനങ്ങളുടെ അറ്റകുററപ്പണിയോടൊപ്പം ബ്ലോക്ക് ഓഫീസിലെ ചില മെയിന്റനൻസ് പണികൾകൂടി ചെയ്തതാണെന്നും പ്രവൃത്തി തയ്യാറാക്കി DPC-ക്ക് നൽകിയപ്പോൾ തടസ്സവാദങ്ങളൊന്നും ഉന്നയിച്ചില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 13-ാംപഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 6.4 -ൽ പ്രാബല്യത്തിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അവലംബിച്ചാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ ഖണ്ഡിക 8.2-ൽ പ്രൊജക്റ്റുകൾ പരിശോധിച്ച് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥർ പദ്ധതിആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണ് ഓരോ പ്രൊജക്റ്റും തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തണമെന്ന് അനുശാസിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പ്രൊജക്റ്റിന് DPC അംഗീകാരം ലഭിച്ചുവെന്നത് നിർവ്വഹണോദ്യോഗസ്ഥനും വെറ്റിങ് ഓഫീസർക്കും ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുമാറാനുള്ള സാധ്യത നൽകുന്നില്ല.

നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കനുസൃതമായ പ്രൊജക്റ്റുകൾ വിഭാവനം ചെയ്യുന്നതിനും നിർവ്വഹിക്കുന്നതിനും ബന്ധപ്പെട്ട ഓരോ അധികാരകേന്ദ്രത്തിന്റെയും ജാഗ്രത ഉണ്ടാവേണ്ടതുണ്ട്.

2.സമയബന്ധിതമായി കരാർ ഒപ്പുവെക്കാത്തത്

കേരള PWD Manual ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തീയ്യതി മുതൽ 14 ദിവസത്തിനകം കരാറുകാരൻ ബ്ലോക്ക് പഞ്ചായത്തുമായി കരാർ ഒപ്പുവെക്കേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഏതാനും പ്രവത്തികളുടെ കരാറുകൾ മേൽ നിർദ്ദേശത്തിനുവിരുദ്ധമായി ഒപ്പുവെച്ചതായി കാണുന്നു.

ഉദാ.പീടികക്കുന്ന് മാപ്രാമ്പിള്ളിതോട് സൈഡ്കെട്ടി സംരക്ഷണം.
ഈ പ്രവർത്തിയുടെ സെലക്ഷൻ നോട്ടീസ് തീയ്യതി 15.12.18 ആണ്. എന്നാൽ കരാർ ഒപ്പുവെച്ചിരിക്കുന്നത് 16.01.18-നാണ്. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് കരാറുകാരുടെ സംഘടനയുടെ നിസ്സഹകരണമാണ് ഇത്തരമൊരു അവസ്ഥസംജാതമാകാൻ കാരണമെന്ന് മറുപടി നൽകിയിട്ടുണ്ട്. പുതിയനികുതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായും ടാർ ലഭിക്കുന്നതിലുണ്ടായ കാലതാമസവുമായി ബന്ധപ്പെട്ടും ഉണ്ടായ പ്രത്യേക സാഹചര്യത്തിൽ ഈ മറുപടിക്ക് സാംഗത്യമുണ്ടെങ്കിലും നിയമ നിഷ്കർഷകൾ പാലിക്കുന്നതിലുള്ള ജാഗ്രത ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ ഉണ്ടാകേണ്ടതുണ്ട്.

3.<u>ടെണ്ടർ നോട്ടീസ് ദിനപത്രത്തിൽ പരസ്യപ്പെടുത്തൽ-പൊതുമരാമത്ത് ചട്ടങ്ങളിലെ നിഷ്കർഷകൾക്ക് വിരുദ്ധം</u>

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം നം.9(3) പ്രകാരം 1ലക്ഷം രൂപക്കും 10ലക്ഷം രൂപക്കും ഇടക്ക് വരുന്ന പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നോട്ടീസിന്റെ സംക്ഷിപ്ത രൂപം കുറഞ്ഞത് 10ദിവസത്തെ സമയം നൽകി പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു പത്രത്തിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റു പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണ്. ടെണ്ടർ നോട്ടീസ് നം.01/2017-18 തീ.18.11.2017പ്രകാരം ആകെ അടങ്കൽ തുക 47,55,000രൂപയായി 9 പ്രവർത്തികളുടെ ടെണ്ടറും 20 പ്രവർത്തികളുടെ ഇ-ടെണ്ടറും ക്ഷണിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

| | |
|---|---|
| ടെണ്ടർഫോറം സ്വീകരിക്കുന്ന അവസാന തീയ്യതി | 28.11.2017 |
| ടെണ്ടർഫോറം തുറക്കുന്ന തീയ്യതി | 04.12.2017 |
| ടെണ്ടർ പരസ്യം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച തീയ്യതി (മലയാള മനോരമ) | 21.11.2017 |

ഫലത്തിൽ ചട്ടങ്ങളിൽ നിഷ്കർഷിച്ചതിനു വിപരീതമായി 8 ദിവസത്തെ സമയമാണ് ടെണ്ടർ സമർപ്പിക്കാൻ കരാറുകാർക്ക് ലഭിച്ചിട്ടുള്ളത്. ഈ വിഷയത്തിലുള്ള ഓഡിറ്റ് എൻക്വയറിക്ക് പുതിയ PWD Manual അനുസരിച്ച് കുറഞ്ഞത് 7 ദിവസത്തെ ഇടവേള നൽകിയാൽ മതിയെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്. ചട്ടങ്ങളിൽ ഇല്ലാത്ത വിഷയങ്ങളിൽമാത്രമാണ് PWD Manual-ലെ വ്യവസ്ഥകൾ പിൻതുടരേണ്ടതുള്ളൂ. മേൽ ടെണ്ടർ നോട്ടീസിന് പ്രതികരണമായി ഓരോ പ്രവൃത്തിക്കും ലഭിച്ച ടെണ്ടറുകളുടെ എണ്ണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും ആകെ 8 പ്രവൃത്തികളുടെ വിശദാംശങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

ടെണ്ടറുകളിൽ പരമാവധി മത്സരക്ഷമത ഉറപ്പുവരുത്തുന്നതിനും അതുവഴി പഞ്ചായത്തിനു ലഭിക്കുന്ന പരിമിതമായ ഫണ്ട് വിവേകപൂർവ്വം വിനിയോഗിക്കുന്നതിനുമുള്ള നടപടികൾ അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# 3-16 LSGD തൃശ്ശൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ടെണ്ടർ ഫോറം വില ലഭ്യമാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ച പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയിനത്തിൽ LSGD തൃശ്ശൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും 55,776 രൂപ ലഭിക്കാനുള്ളതായി ഓഡിറ്റ് എൻക്വയറി നം.10-ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത തുക എത്രയും വേഗം പഞ്ചായത്തു ഫണ്ടിലേക്ക് വരവുവെക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

# 3-17 ഫണ്ടിന്റെ അപര്യാപ്തതമൂലം റോഡിന്റെ സൈഡ് കെട്ടൽ ആവശ്യമായ അളവിൽ ചെയ്തില്ല-മാർഗ്ഗരേഖക്കു വിരുദ്ധമായ നടപടികൾ

വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണസ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസന തന്ത്രവും സമീപനവുമാണ് പദ്ധതി ആസൂത്രണത്തിൽ സ്വീകരിക്കേണ്ടതെന്ന് 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങളിൽ വളരെ കൃത്യമായി വ്യക്തമാക്കിയിട്ടുള്ളതാണ്. പൊയ്യ ഗ്രാമപഞ്ചായത്തിലെ '*നോർത്ത് പൂപ്പത്തി രാജവീഥി ബണ്ട്റോഡ്*' എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പാടത്തിനകത്തെ റോഡാകയാൽ സൈഡിൽ സംരക്ഷണഭിത്തി ആവശ്യമാണെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് റിപ്പോർട്ടിൽത്തന്നെ ഈ

റോഡിന്റെ ഒരു സൈഡിൽ മുഴുവൻ നീളത്തിലും(70മീ.)മറുവശത്ത് (ഫണ്ടിന്റെ അപര്യാപ്തതമൂലം) 41 മീറ്റർ നീളത്തിലും സൈഡ്കെട്ടലാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് തികച്ചും വിരുദ്ധമാണ്. ഒരു മരാമത്ത് പ്രവൃത്തി അതിന്റെ സമഗ്രതയിൽ കാണാതെ, ലഭിക്കുന്ന പരിമിതമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതം വെക്കുന്നത് പ്രവൃത്തിയുടെ ഗുണപരതയെ പ്രതികൂലമായി ബാധിക്കുവാനുള്ള സാധ്യതകൾ ഏറെയാണ്. സംരക്ഷണഭിത്തി ആവശ്യമാണെന്ന് സാങ്കേതികഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിൽപോലും റോഡിന്റെ ഇരുവശവും ഒരേ നീളത്തിൽ സൈഡ്കെട്ടലിന് ഫണ്ട് വകയിരുത്താതെ ഫണ്ട് വീതം വെച്ചത് പരിശോധിക്കേണ്ടതും തുടർന്നുള്ള പദ്ധതിആസൂത്രണത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ എടുക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുഴൂർ ഗ്രാമ പഞ്ചായത്ത് | 2017-18 | 215000 | തൈഗ്രാം വഞ്ചിപ്പുരത്താഴം പദ്ധതി റീച്ച്1 | 215000 | 0 |
| | | 115000 | ,, റീച്ച്2 | 115000 | 0 |
| | | 85000 | ,, റീച്ച്3 | 85000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ളിയു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | സി.എച്ച്.സി. യിലെ ജനറേറ്ററിന് ചെയ്ഞ്ച് ഓവർ സംവിധാനം | ചെക്ക് നമ്പർ 234284/ 31.3.2018 | 175000 | 0 | 175000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) <u>സംക്ഷിപ്തവിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67657577 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83628854 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2427633 |

ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 498700 | ആശാ സേവ്യർ, സൂപ്രണ്ട്, സി.എച്ച്.സി |
| 3-7 എ | 175000 | ,, ,, |
| 3-10 ബി | 199270 | ആശ.പി.എസ്., സി.എച്ച്.സി. സൂപ്രണ്ട് |
| 3-11 | 700000 | ഡോ. ആശ.പി.എസ്., സൂപ്രണ്ട്, സി.എച്ച്.സി. |
| 3-13(1) | 200000 | അരുൺരാജ്, സെക്രട്ടറി |
| 3-13-2(എ) | 500000 | ,, ,, |
| 3-13-2(ബി) | 10939 | ,, ,, |
| 3-14 | 143724 | അരുൺരാജ്, സെക്രട്ടറി |
| ആകെ | 2427633 | |

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി.13-407/99/9.7.97/3.8.99 |
| 98-99 | എൽ.എഫ്.ടി.13-273/01/18.5.01/6.8.01 |
| 99-2000 | എൽ.എഫ്.ടി.13-/276/01/18.5.01/6.8.01 |
| 2000-01 | എൽ.എഫ്.ടി.13-619/04/6.10.04/7.2.05 |
| 2001-02 | എൽ.എഫ്.ടി.13-90/06/30.06.06/4.10.06 |
| | |

| | |
|---|---|
| 2002-03 | എൽ.എഫ്.ടി.21-2424/07/24.2.09 |
| 2003-04 | എൽ.എഫ്.ടി.21-2425/07/24.2.09 |
| 2004-05 | എൽ.എഫ്.ടി.2426/07/24.2.09 |
| 2005-06 | എൽ.എഫ്.ടി.2427/07/24.2.09/8.6.09 |
| 2006-07 | എൽ.എഫ്.ടി.(ബിപി)1635/11/28.3.12 |
| 2007-08 | എൽ.എഫ്.ടി.(ബിപി)1636/11/28.3.12 |
| 2008-09 | എൽ.എഫ്.ടി.(ബിപി)1637/11/28.3.12/27.6.12 |
| 2009-10, 2010-11 | എൽ.എഫ്.ടി.(ബിപി)1677/12/10.1.13/12.4.13 |
| 2011-12 | എൽ.എഫ്.ടി.(ബിപി)1937/13/6.3.14/8.3.14 |
| 2012-13 | എൽ.എഫ്.ടി.(ബിപി)1245/2014/10.10.14/3.12.14 |
| 2013-14 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)1704/15/15.12.15/11.1.16 |
| 2014-15&2015-16 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)/605/17/18.5.2017/29.5.2017 |
| 2016-17 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)/1736/2017,30.11.2017/11.01.2018 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
തിയ്യതി:29.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാള ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-2 വരവ് ചെലവ് പത്രിക

| | സംക്ഷിപ്തം (AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ